# PEOPLE'S FOUNDATION

Let's transform the lives..



പീപ്പിൾസ് ഫൗണ്ടേഷൻ

മാറ്റത്തിന് കൂട്ടായ്മയുടെ അടിത്തറ

peoplesfoundation.org

ജനവിഭാഗങ്ങളുടെ അന്ത്യം കുറിക്കുന്നത്
ഭൗതിക പരാജയങ്ങളല്ല, മാനസിക പതനങ്ങളാണ്.
*- ഇബ്നു ഖൽദൂൻ*



നമ്മൾ കൊളുത്തുന്ന ചെറുനാളങ്ങൾ
ചില ജീവിതങ്ങൾക്ക് മഹാദീപസ്തംഭങ്ങളാണ്..
അത്തരം ജീവിതങ്ങളിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ
നമുക്ക് കൈകോർക്കാം..

# കരുത്ത്

- ഒരു പതിറ്റാണ്ടിന്റെ സുതാര്യവും വിശ്വസ്തവുമായ പ്രവർത്തന ചരിത്രം.
- വിഭവശേഖരണത്തിലും വിനിയോഗത്തിലും കൃത്യത.
- ദൈവപ്രീതിയും മാനവിക മൂല്യങ്ങളും മുൻനിർത്തിയുള്ള പ്രവർത്തന ശൈലി.
- സമൂഹ പുനർനിർമാണത്തിനും ശാക്തീകരണത്തിനും ഹ്രസ്വകാല -ദീർഘകാല ലക്ഷ്യങ്ങളോടെയുള്ള ആസൂത്രിത പദ്ധതികൾ.



- വിഭാഗീയതകളില്ലാതെ ഓരോ മനുഷ്യന്റെയും ആവശ്യത്തെയും അന്തസ്സിനെയും കഴിവുകളെയും ഉൾക്കൊള്ളുകയും ആദരിക്കുകയും ചെയ്യുന്ന സമീപനം.
- ഗുണഭോക്താക്കളുമായി ഹൃദ്യമായ ബന്ധം.
- യോഗ്യതയും താൽപര്യവും നിശ്ചയദാർഢ്യവുമുള്ള ജനസേവന പ്രവർത്തകർ.
- മികച്ച സംഘാടന ശേഷിയുള്ള പ്രൊഫഷണലുകളുടെ പിൻബലം

## പീപ്പിൾസ് ഫൗണ്ടേഷൻ
# കാഴ്ചപ്പാടും ദൗത്യവും




എല്ലാ ജീവിതങ്ങളും വിലമതിക്കപ്പെടുന്ന
ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിൽ ഓരോ പൗരന്റെ
സാധ്യതയും വിലയേറിയതാണ്.
സമാധാനപൂർണവും വിവേചന രഹിതവുമായ
ലോകമാണ് നമ്മുടെയെല്ലാം സ്വപ്നം.
വിജ്ഞാനവും ദിശാബോധവും വിഭവ വിതരണവും
കൊണ്ട് അത് സാക്ഷാത്കരിക്കാം.

# വിപുലമായ പദ്ധതികൾ
# വിശാലമായ കൂട്ടായ്മ



ജീവിതങ്ങൾ മാറ്റിപ്പണിയാൻ സമൂലമായ അഴിച്ചുപണി അനിവാര്യമാണ്. ഒത്തിരി കരങ്ങൾ ഒത്തുചേർന്നപ്പോൾ പിറന്നത് വിപുലമായ മേഖലകളെ സ്പർശിക്കുന്ന വൈവിധ്യമാർന്ന പദ്ധതികൾ...



COMMUNITY
EMPOWERMENT

## കമ്യൂണിറ്റി എംപവർമെന്റ്

കാലങ്ങളായി തമസ്കരിക്കപ്പെട്ട ചില പ്രദേശങ്ങൾ.. അവഗണിക്കപ്പെട്ടുപോയ ജനവിഭാഗങ്ങൾ.. അവരും ഉള്ളിൽ ഉയിർത്തെഴുന്നേൽപ്പിന്റെ ഊർജം പേറുന്നുണ്ട്. അത് തിരിച്ചറിയാൻ പര്യാപ്തമായ സമഗ്ര വികസന പദ്ധതികൾ. എല്ലാ ജില്ലയിലും തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഉപജീവനം മുതൽ വിദ്യാഭ്യാസ പുരോഗതിവരെ കോർത്തിണക്കുന്ന പദ്ധതി.

PEOPLE'S
HOME

## പീപ്പിൾസ് ഹോം

നിർധനന് വീട് അസാധ്യമല്ല. പ്രാദേശിക വിഭവങ്ങൾ ഒത്തുചേർന്നാൽ അത് അനായാസമാണ്. പല സാധ്യതകൾ ഒരുമിച്ചു ചേർത്ത് പീപ്പിൾസ് ഹോം പ്രോജക്ട്.

ഇതിനകം
യാഥാർഥ്യമാക്കിയത്
**1000** വീടുകൾ. **1500** വീടുകൾ എന്ന
ലക്ഷ്യത്തിലേക്ക് മുന്നോട്ട്.





PEOPLE'S DRINKING WATER

# പീപ്പിൾസ് കുടിവെള്ള പദ്ധതി

ചേരികൾ, തീരദേശം, മലയോരം തുടങ്ങി കുടിവെള്ളം കിട്ടാക്കനിയായ മേഖലകളിൽ പ്രാദേശിക സഹകരണത്തോടെ ശുദ്ധജലം എത്തിക്കുന്ന പ്രോജക്ട്.

യാഥാർഥ്യമായത്

**220** പ്രോജക്ടുകൾ

**3500+** ഗുണഭോക്താക്കൾ.

PEOPLE'S STARTUP

# പീപ്പിൾസ് സ്റ്റാർട്ടപ്പ്

മികച്ച സംരംഭകരെ വാർത്തെടുക്കാൻ ഭാവനാസമ്പന്നമായ ചുവടുവെപ്പ്. സംരംഭകർ അറിഞ്ഞിരിക്കേണ്ടതെല്ലാം; സാങ്കേതിക പരിശീലനവും കൺസൾട്ടൻസി സേവനവുമടക്കം ലഭ്യമാക്കുന്ന, സർക്കാർ സംവിധാനങ്ങളുമായി സഹകരിച്ച് ഫുൾ ടൈം പരിശീലന കോഴ്സുകളും മാർഗ നിർദേശവും പദ്ധതികളും.

ഇതുവരെ പിറന്നത്

**211** സംരംഭങ്ങൾ. **350** പേർക്ക് തൊഴിൽ.





PEOPLE'S INITIATIVE

# പീപ്പിൾസ് ഇനീഷ്യേറ്റീവ്

പ്രകൃതി ദുരന്തം, മഹാമാരി, ഗൾഫ് കുടിയേറ്റ തകർച്ച തുടങ്ങിയ സന്ദർഭങ്ങളിൽ നടപ്പാക്കിയ പ്രത്യേക പുനരധിവാസ പദ്ധതികൾ.

**2018 പ്രളയ പുനരധിവാസം**

**25** കോടി രൂപയുടെ പദ്ധതികൾ.

**300+** ഗുണഭോക്താക്കൾ.

**2019 പ്രളയ പുനരധിവാസം**

**10** കോടി രൂപയുടെ പദ്ധതികൾ.

**200+** ഗുണഭോക്താക്കൾ.

**കോവിഡ്-19 പ്രവാസി സുരക്ഷ പദ്ധതി**

**2.5** കോടി രൂപയുടെ പദ്ധതികൾ.

**കോവിഡ് ബെഡ് പദ്ധതി**

**03** കോടി രൂപയുടെ പദ്ധതികൾ.

PEOPLE'S HEALTH

# പീപ്പിൾസ് ഹെൽത്ത്

പ്രൊഫഷണലുകളുടെ ശൃംഖലക്കു രൂപം നൽകിക്കൊണ്ട് മികച്ച ആരോഗ്യ പരിചരണം താഴേത്തട്ടിൽ എത്തിക്കാനുള്ള ധീരമായ യത്നം.

അണിചേരുന്നത്

**200+** ആരോഗ്യ പ്രവർത്തകർ. **20** ആതുരാലയങ്ങൾ.





PEOPLE'S INFO

# പബ്ലിക് ഇൻഫർമേഷൻ സർവീസ്

വിവിധ പൊതുക്ഷേമ പദ്ധതികളെ കുറിച്ചും വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ മേഖലകളെ കുറിച്ചും സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും പ്രദേശങ്ങൾക്കും വെളിച്ചം പകരുന്ന പദ്ധതി. പദ്ധതികളിൽ അപേക്ഷ നൽകുന്നതിനും അവ നേടിയെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങളടക്കമുള്ള സമഗ്രമായ പ്രവർത്തനം.

**650** ഗുണഭോക്താക്കൾ ഉപയോഗപ്പെടുത്തി.

PEOPLE'S EDU SUPPORT

# വിദ്യാഭ്യാസ സ്കോളർഷിപ്പ്

വിദ്യാഭ്യാസ പുരോഗതിയിലൂടെ സാമൂഹിക മാറ്റം ലക്ഷ്യമിട്ടുള്ള ഹ്രസ്വകാല-ദീർഘകാല സ്കോളർഷിപ്പുകൾ. ഹയർസെക്കൻഡറി മുതൽ പി.എച്ച്.ഡി വരെ വിവിധ പദ്ധതികൾ. രാജ്യത്തെ ഉന്നത കലാലയങ്ങളിലും തൊഴിൽ മേഖലകളിലും എത്തിപ്പെടാൻ പ്രത്യേക പരിശീലനം.

ഇതുവരെ നൽകിയത് **935** വിദ്യാർഥികൾക്ക്.





## പീപ്പിൾസ് വില്ലേജ്

ഭൂമിയില്ലാത്തവർക്ക് വീടൊരുക്കുന്ന ജനകീയ ഗ്രാമങ്ങൾ. വിവിധ ജില്ലകളിലായി

യാഥാർഥ്യമായത്

**25** ഗ്രാമങ്ങൾ. **235** വീടുകൾ.

**60** കോടിയുടെ മൂല്യം; വിലമതിക്കാനാവാത്ത ആഹ്ലാദവും.

## പെയിൻ ആന്റ് പാലിയേറ്റീവ്

വിദഗ്ധ പരിശീലനം നേടിയ നിസ്വാർഥരായ പ്രവർത്തകരിലൂടെ ആയിരക്കണക്കിന് മനുഷ്യരുടെ വേദനകൾക്ക് സാന്ത്വനം.

ഇതിനകം രൂപീകരിച്ചത്

**40** പാലിയേറ്റീവ് സൊസൈറ്റികൾ.

വിതരണം ചെയ്തത്

**300+** ഉപകരണങ്ങൾ.

നൽകിയത്

**150+** കൃത്രിമ കാലുകൾ.

നട്ടെല്ല് തകർന്ന് കിടപ്പിലായ രോഗികൾക്കായി 2022 ൽ പ്രത്യേക ചികിത്സാകേന്ദ്രം.





MANAV मानव
MIGRANT WELFARE FOUNDATION

## മാനവ് മൈഗ്രന്റ് വെൽഫയർ ഫൗണ്ടേഷൻ

കേരളത്തിൽ പണിയെടുക്കുന്ന അന്തർ സംസ്ഥാന തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമത്തിനായുള്ള വേദി. സാമൂഹിക പ്രവർത്തകരും നിയമ വിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും അണിനിരക്കുന്നു. ദേശീയതലത്തിലെ സന്നദ്ധ സംഘങ്ങളുമായി സഹകരിച്ച് മെച്ചപ്പെട്ട തൊഴിൽ, സാമൂഹിക ധാർമിക സദാചാര സാഹചര്യങ്ങൾക്കായുള്ള ആസൂത്രിത പ്രവർത്തനങ്ങൾ.

## സ്നേഹസ്പർശം

മാറാരോഗികൾ, മാരക രോഗങ്ങളെ അഭിമുഖീകരിക്കുന്നവർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങി സമൂഹത്തിലെ വിവിധ രൂപത്തിൽ ദുരിതം അനുഭവിക്കുന്നവരെ ടെലിവിഷൻ പരിപാടിയിലൂടെ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയും അതുവഴി അവരുടെ ചികിത്സയും പുനരധിവാസവും ഉറപ്പാക്കുന്നതുമായ പദ്ധതി.

മീഡിയവൺ ടി.വിയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതി. ഇതിനകം **180** കുടുംബങ്ങൾക്ക് ആശ്വാസം നൽകാനായി.





ASWAS COUNSELLING

## ആശ്വാസ് കൗൺസലിംഗ് സെന്റർ

വ്യക്തികളും കുടുംബങ്ങളും കരുതൽ തേടുന്ന കാലത്ത് മാനസികാരോഗ്യ മേഖലക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഫാമിലി കൗൺസിലിംഗ്, പ്രീ മാരിറ്റൽ-പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്, പാരന്റിംഗ്, എഡ്യൂക്കേഷണൽ ഗൈഡൻസ്, ജനറൽ കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി ആശ്വാസ് കൗൺസിലിംഗ് സെന്ററുകൾ അഞ്ചു ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു.

**സമഗ്ര കാഴ്ചപ്പാടോടെ ഫാമിലി സെന്റർ ഉടൻ ആരംഭിക്കുന്നു.**

DE-ADDICTION

## ഡീ അഡിക്ഷൻ

ലഹരിവിമുക്തി ജീവിത വിജയത്തിന്റെ ഒന്നാം പാഠമാണ്. അബോധത്തിൽ ആ പാഠം മറന്ന് പോയവരെ തിരികെ കൊണ്ടുവരാനുള്ള ശാസ്ത്രീയ ശ്രമം. നിരന്തര പ്രവർത്തനങ്ങളിലൂടെ പീപ്പിൾസ് ഫൗണ്ടേഷൻ വികസിപ്പിച്ച ഡീ അഡിക്ഷൻ പ്രോഗ്രാം വ്യക്തികളെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നു, കുടുംബങ്ങളെ വീണ്ടെടുക്കുന്നു.

**സ്ഥിരം ചികിത്സക്കായി വിപുലമായ സൗകര്യങ്ങളോടെ ഡീ അഡിക്ഷൻ സെന്റർ ഉടൻ സ്ഥാപിതമാവുന്നു.**





നമ്മുടെ കരങ്ങളാൽ
ഒരു ജീവിതത്തിന് താങ്ങാകാം
വേദനക്ക് ആശ്വാസമാവാം
തലചായ്ക്കാനൊരിടമെന്ന
സ്വപ്നത്തിന്റെ
സാക്ഷാത്കാരമാവാം
നിർധന വിദ്യാർഥിയുടെ ഉന്നത
പഠനമാവാം
ഒരു ഗ്രാമത്തിന്റെ
ഉയിർത്തെഴുന്നേൽപ്പാവാം
ലഹരിയിൽ നിന്നും
വീണ്ടെടുപ്പാകാം
തകർന്ന കുടുംബത്തിന്റെ
കൂട്ടിയിണക്കലാവാം.
ആത്യന്തികമായി അത് രണ്ടു
ലോകങ്ങളുടെ കൂട്ടിയിണക്കലാണ്
– ഉള്ളവന്റെയും
ഇല്ലാത്തവന്റെയും.

# ഫൗണ്ടേഷന്റെ ധനസമാഹരണ മാർഗങ്ങൾ



- **സി.എസ്.ആർ** (Corporate Social Responsibility) **ഫണ്ട്**: വ്യവസായ-ബിസിനസ്സ് സംരംഭങ്ങൾ തങ്ങളുടെ ലാഭത്തിന്റെ രണ്ടു ശതമാനം സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്ന് നിയമം അനുശാസിക്കുന്നു. ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കും സി.എസ്.ആർ. പ്രയോജനപ്പെടുത്തുന്നു.

- **സർക്കാർ ഫണ്ടുകൾ**: കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സന്നദ്ധ സംഘടനകളിലൂടെ വികസന പദ്ധതികൾ നടപ്പാക്കുന്നു. അത്തരം പദ്ധതികളിൽ ഭാഗവാക്കാവുകയും ഫണ്ടുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- **പബ്ലിക് ഫണ്ട്**: സാമൂഹിക സേവന തൽപരരായ വ്യക്തികളുടെ സാമ്പത്തിക സഹായം.

## Our Vision
To create a society where every person has the means and accessibility to realize their full potential.

## Our Mission
We aim to support the growth of our society and be instrumental in creating an equitable world by bridging resource-gaps and empowering people with the right knowledge, mentorship and assets.

## Our Values
- Respect for human lives.
- Commitment
- Integrity
- Excellence
- Fairness



Peoples Foundation
**FEDERAL BANK**
A/c No. 13060200028354
IFSC Code-FDRL0001306
Puthiyara Branch, Kozhikode

UPI ID: Federal- br132246a@fbl,
PAN: AACTP2725K,
WhatsApp +91 8137005656

Donations will get tax reduction as per the provisions of 8O G

Let's transform the lives..



PEOPLE'S FOUNDATION

26/1168 A, Ponmuliparambu, Kottooli P.O, Arayidathupalam,
Mavoor Road, Kozhikode -16,
Phone: 0495 274 3701, Mob: 9846888700

E-mail: info@peoplesfoundation.org
Web: www.peoplesfoundation.org